(എ) വൈദ്യുതി നിരക്ക് നിശ്ചയിക്കുന്നതിനുള്ള താരിഫ് റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് രൂപീകരിച്ചു ;

(ബി) ഈ കമ്മീഷൻ രൂപീകരിക്കുന്നതിന്റെ ഫലമായി എത്ര വിദേശസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട് ; അവ എവിടെ നിന്നെല്ലാം ;

(സി) ബോർഡ് പുന:സംഘടനയുടെ ഭാഗമായി എത്ര കർമ്മസമിതികൾ രൂപീകരിച്ചിട്ടുണ്ട് ; അവ ഏതെല്ലാം ?

ഉത്തരം

(എ&ബി) റെഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടില്ല. എന്നാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. റെഗുലേറ്ററി കമ്മീഷൻ രൂപീകരിക്കുന്നത് താരിഫ് ശാസ്ത്രീയമായി നിശ്ചയിക്കുന്നതിനാണ്.

(സി) നാല് കർമ്മ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അവ

1. ജനറേഷൻ
2. ട്രാൻസ്മിഷൻ
3. ഡിസ്ട്രിബ്യൂഷൻ
4. കോർപ്പറേറ്റ് എന്നിവയാണ്.

വൈദ്യുതിയുടെ വില നിർണ്ണയിക്കുന്നതിനുള്ള താരിഫ് റഗുലേറ്ററി കമ്മീഷൻ

73(976) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ വില നിർണ്ണയിക്കുന്നതിനുള്ള താരിഫ് റഗുലേറ്ററി കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കമ്മീഷനെ നിയമിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് സംസ്ഥാന ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) അതിൻമേൽ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) കായംകുളം തെർമൽ സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിനായി കേന്ദ്രഗവൺമെന്റ് ഒരു താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ,ബി&സി) വൈദ്യുതി റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) കായംകുളം തെർമൽ പവർ സ്റ്റേഷൻ ഉൾപ്പെടെയുള്ള ജനറേറ്റിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ വില നിശ്ചയിക്കുന്നതിനും മറ്റുമായി കേന്ദ്ര താരിഫ് റഗുലേറ്ററി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി. ക്ക് പുതിയ ഹൈഡൽ പദ്ധതികൾ

74(977) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ക്ക് കേരളത്തിൽ പുതിയ ഹൈഡൽ പദ്ധതികളാരംഭിക്കുവാൻ ഉദ്ദേശമുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതികളേതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഹൈഡൽ പദ്ധതികളാരംഭിക്കുവാൻ ഏതൊക്കെ ഏജൻസികൾ ആണ് ധനസഹായം നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) കൊച്ചിയിൽ ഹൈഡലേതരമായ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി അവയുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. അവയിൽ നേര്യമംഗലം എക്സ്റ്റൻഷൻ (25 മെഗാവാട്ട്)-ന്റെ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായി. ഈ പദ്ധതിക്ക് വൈദ്യുതി ബോർഡ് ഭരണാനുമതി നൽകിക്കഴിഞ്ഞു. ആതിരപ്പിള്ളി, കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ, നേര്യമംഗലം എക്സ്റ്റൻഷൻ, ചെങ്കുളം ആഗ്മെന്റേഷൻ എന്നീ പദ്ധതികളുടെ പണി ഈ വർഷം തന്നെ ആരംഭിക്കുവാനുദ്ദേശിക്കുന്നു. കൂടാതെ ചൈനയുടെ സഹായത്തോടെ 18 ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൽ 4 പൈലറ്റ് പദ്ധതികൾ ഈ വർഷം തന്നെ പണി ആരംഭിക്കുന്നതാണ്. ആകെ 1000 മെഗാവാട്ട് വരുന്ന ജലവൈദ്യുത പദ്ധതികളുടെ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന പണിയും പുരോഗമിച്ചുവരുന്നു.

(സി) പുതിയ ഹൈഡൽ പദ്ധതികൾക്കായി ആർ.ഇ.സി., പി.എഫ്.സി, കെ.പി.എഫ്.ബി., ബാങ്കുകൾ എന്നീ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിക്കാൻ സാദ്ധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly